www.malankaralibrary.com



# വി. തോമസ് അപ്പസ്തോലൻ വന്നത് ഏത് ഇന്ത്യയിൽ ?



ഡോ. കെ.എം. ഫ്രാൻസിസ്

**വി.** തോമസ് ഇന്ത്യയിൽ വന്നിട്ടില്ല എന്ന് ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. പ്രസ്തുത വാദ ഗതികളിൽ ചില അർദ്ധസത്യങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. അർദ്ധസത്യങ്ങൾ നുണയേക്കാൾ അപകടകരമാണ്. എന്നാൽ ഇത്തരം പ്രമേയങ്ങൾക്ക് മറുപടിയായി ക്രിസ്ത്യൻ ചരിത്രകാരുടെ മറുപടികൾ പരമ്പരാഗത ന്യായീകരണങ്ങളിൽ മാത്രം ചുരുങ്ങിനിൽക്കുന്നു.

വി. തോമാസ് ഇന്ത്യയിലും കേരളത്തിലും വന്നു എന്നതിന് സഭ ഔദ്യോഗികമായി നൽകുന്ന വിശദീക രണങ്ങൾ താഴെപ്പറയുന്നവയാണ്.

1. തോമസ് ശ്ലീഹായുടെ പാരമ്പര്യം അവകാശ പ്പെടുന്ന ഒരു ക്രൈസ്തവ സമൂഹം ഇന്ത്യയിലും, കേരളത്തിലും നിലനിൽക്കുന്നു.

2. രണ്ടാം നൂറ്റാണ്ടുമുതലുള്ള ചില ആത്മീയ സാഹിത്യ രചനകളിൽ വി. തോമസിനെ ഇന്ത്യ യുടെ അപ്പസ്തോലനായി രേഖപ്പെടുത്തിയിരിക്കുന്നു. തോമസിന്റെ പ്രവൃത്തികൾ, വി. അഫ്രേമിന്റെ കൃതി കൾ മുതലായ പ്രധാന രേഖകളാണ്.

3. വി. തോമസ് ഇന്ത്യയിലും കേരളത്തിലും വന്ന് സൂര്യാരാധകരായ പുരോഹിതരെ മാനസാന്തരപ്പെ ടുത്തി ഏഴ് സഭാ സമൂഹങ്ങൾ സ്ഥാപിച്ചു, അവ സാനം മൈലാപ്പൂരിൽ ചെയ്ത് രക്തസാക്ഷിയായി എന്ന് കേരള ക്രൈസ്തവരുടെയിടയിലുള്ള ഐതിഹ്യം.

4. എ.ഡി. 1298ൽ മാർക്കോപോളോ എന്ന ഇറ്റാലിയൻ സഞ്ചാരിയുടെ കൃതിയിൽ മൈലാപ്പൂർ എന്ന സ്ഥലത്ത് വി. തോമസിന്റെ ശവകുടീരത്തിൽ നാനാ ജാതി മതസ്ഥർ വന്ന് ആരാധനയർപ്പിക്കുന്നുവെന്ന വിവരണം

വന്നിട്ടില്ലായെന്ന വാദഗതികളുടെ അടിസ്ഥാനം:

1. കേരളം എഡി ഒന്നാം നൂറ്റാണ്ടിൽ ജനവാസമി ല്ലാത്ത വെറും കാട് മാത്രമായിരുന്നു. അതിനാൽ വി. തോമസ് കേരളത്തിൽ വരാൻ സാധ്യതയില്ല.

2. 15–ാം നൂറ്റാണ്ടിൽ ഇന്ത്യയിൽ വന്ന പോർച്ചുഗീസു കാരാണ് വി. തോമസ് മൈലാപ്പൂർ വെച്ച് രക്തസാക്ഷിത്വം വരിച്ചു എന്ന കെട്ടുകഥ നിർമ്മി ച്ചത്.

3. ഐതിഹ്യത്തിൽ തോമസ് ശ്ലീഹാ മാനസാന്തരപ്പെ ടുത്തിയെന്ന് അവകാശപ്പെടുന്ന 'നമ്പൂതിരി' എന്ന വിഭാഗം എ.ഡി. ഒന്നാം നൂറ്റാണ്ടിൽ കേരളത്തിൽ ഉണ്ടായിരുന്നില്ല.

4. വി. തോമസ് കേരളത്തിൽ വന്നിരുന്നുവെന്ന് ചൂണ്ടി ക്കാണിക്കാവുന്ന ഒരു രേഖയും കേരളത്തിലില്ല.

## ചരിത്രരചനയുടെ ചരിത്രവും ഐതിഹ്യങ്ങളും

ചരിത്രരചനകൾക്ക് പല ഘട്ടങ്ങളുണ്ട്. (Hegel, Philosephy of History, Introduction).

1. ഐതിഹ്യങ്ങൾ

ചരിത്രരചനയുടെ ചരിത്രം ആരംഭിക്കുന്നത് ഐതിഹ്യങ്ങളിലൂടെയാണ്. ചരിത്രം രചിക്കാനുള്ള ആധുനിക മാർഗ്ഗങ്ങൾ രൂപപ്പെടുന്നതിന് മുൻപ് ചില കഥകളിലൂടെയാണ് ചരിത്രം സൂക്ഷിച്ചുവെച്ചിരു ന്നത്. അവയിൽ യാഥാർത്ഥ്യത്തിന്റേയും കാല്പനി കതയുടേയും അംശങ്ങൾ കൂടികലർന്നിരിക്കും.

www.malankaralibrary.com

2. ഒരു രാജ്യത്ത് നടക്കുന്ന പ്രധാനപ്പെട്ട സംഭവങ്ങളുടെ നേർവിവരണമാണ് ചരിത്ര രചനയുടെ രണ്ടാം ഘട്ടത്തിന്റെ ഉദാഹരണമാണ് LIVY, STRABO എന്നിവരുടെ രചനകൾ. ഇത്തരം രചനകൾ ഗ്രീക്ക് റോമാ സാമ്രാജ്യത്തിൽ നിന്ന് ലഭ്യമാണ്. എന്നാൽ മറ്റ് സംസ്ക്കാരങ്ങളിൽ ഇത് ലഭ്യമല്ല. തെക്കെ ഇന്ത്യയിൽ അത്തരം രേഖകൾ ഇല്ല. ഇത്തരം രേഖകൾ പ്രധാനമായും രാഷ്ട്രീയ അധികാരം കൈവശപ്പെടുത്തിയിരിക്കുന്നവരുടെ ചരിത്രമാണ്. അതുകൊണ്ട് അധികാരം പങ്കിടാത്ത ആത്മീയാചാര്യന്മാരുടെ വിവരങ്ങൾ അത്തരം രേഖകളിൽ ലഭ്യമല്ല. അതുകൊണ്ട് രാഷ്ട്രീയാധികാരം പങ്കിടാത്ത ആത്മീയാചാര്യന്മാരുടെ പേരുകൾ അത്തരം ചരിത്രഗ്രന്ഥങ്ങളിൽ ഇല്ലായെന്നത് അവർ ജീവിച്ചിരുന്നില്ലായെന്നതിന്റെ തെളിവല്ല.

3. ചരിത്രത്തിലൂടെ ഒരു യുക്തി പ്രവർത്തിയ്ക്കുന്നുണ്ടെന്നും, അതുകൊണ്ട് അത്തരം യുക്തിഘടനയുടെ ഭാഗമായി പ്രദേശത്ത് നടന്ന സംഭവങ്ങളെ രചിക്കണമെന്ന് വോൾട്ടയർ ഉന്നയിക്കുന്നു, ഇതാണ് ചരിത്രരചനയുടെ മൂന്നാംഘട്ടം.

4. ഓരോ സംഭവത്തെയും യുക്തിഘടന മാത്രമല്ല ലോകചരിത്രത്തിന്റെ ലക്ഷ്യത്തിലേയ്ക്കുള്ള (End of the world history) പ്രയാണത്തിന്റെ ഭാഗമായി വിശകലനം ചെയ്യണമെന്ന് ഹെഗൽ ഉന്നയിക്കുന്നു. പരിഷ്ക്കരിച്ച ഹെഗേലിയൻ മാർഗ്ഗമാണ് അവലംബിച്ചതെന്ന് മാർക്സ് അവകാശപ്പെടുന്നു. ഇതാണ് ചരിത്ര രചനയുടെ ആധുനിക രീതി.

ചരിത്രരചനയുടെ ചരിത്രത്തിന്റെ ആദ്യഘട്ടമായ ഐതിഹ്യങ്ങൾ ആദിമചരിത്രത്തെക്കുറിച്ചുള്ള ചില hypothesis കൾ ആണ്. അവ തെളിയിക്കപ്പെടേണ്ട പ്രസ്താവനകളായി പരിഗണിക്കുകയും അവയിലെ 90% ശരിയാണെങ്കിൽ ഐതിഹ്യങ്ങളിലെ അടിസ്ഥാന പ്രമേയങ്ങൾ അംഗീകരിക്കണം. മൊത്തം ലോകചരിത്രത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത ഐതിഹ്യങ്ങളെ പ്രതിഷ്ഠിക്കുക എന്നതാണ് ഐതിഹ്യത്തെ വ്യാഖ്യാനിക്കാനുള്ള ഒരു മാർഗ്ഗം.


ഉദാഹരണമായി വി. തോമസ് ഗോണ്ടഫോർ രാജാവിന്റെ കൊട്ടാരത്തിലെത്തുകയും അദ്ദേഹത്തെ മാനസാന്തരപ്പെടുത്തുകയും ചെയ്തുവെന്നത് വി. തോമസിനെക്കുറിച്ചുള്ള ഐതിഹ്യമാണ്. ഗോണ്ടഫോർ എന്ന രാജാവുണ്ടായിരുന്നുവോ? അദ്ദേഹത്തിന്റെ രാജ്യത്തിലേയ്ക്കുള്ള യാത്ര വി. തോമസിന് സാധ്യമായിരുന്നുവോ? അദ്ദേഹം ഉപയോഗിച്ചിരുന്ന ഭാഷയും തോമസിന്റെ ഭാഷയും തമ്മിൽ ബന്ധമുണ്ടോ? ഗോണ്ടഫർ രാജാവ് ഇന്ത്യക്കാരനായിരുന്നുവോ? വി.തോമസിന്റെ രാജ്യവും ഗോണ്ടഫർ രാജാവിന്റെ രാജ്യവും തമ്മിൽ വ്യാപാരരാഷ്ട്രീയ ബന്ധം ഉണ്ടായിരുന്നുവോ?

മുകളിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്ന് തെളിവുകളുണ്ടെങ്കിൽ ഗോണ്ടഫോർ രാജാവിന്റെ കൊട്ടാരത്തിൽ വി. തോമസ് എത്തിചേർന്ന്, രാജാവുമായി സംസാരിച്ച് രാജാവിനെ മാനസാന്തരപ്പെടുത്തി എന്ന ഐതിഹ്യം തള്ളിക്കളയുന്നത് യുക്തിരാഹിത്യമാണ്.

ഇനി ഗോണ്ടഫോർ രാജാവിന്റെ രാജ്യം ഇന്നത്തെ ഇന്ത്യയുടെ അതിർത്തിക്ക് വെളിയിലാണോയെന്ന് അറിയണമെങ്കിൽ ഇന്ത്യ എന്ന രാജ്യത്തിന്റെ 2500 വർഷത്തെ അതിർത്തികളിൽ വന്ന ചരിത്രപരമായ മാറ്റം പരിശോധിക്കണം. മാത്രമല്ല വി. തോമാസ് വന്ന സമയത്തെ ഇന്ത്യയുടെ ഭൂപടത്തിനകത്താണോ ഗോണ്ടഫോർ രാജാവിന്റെ രാജ്യമെന്ന് പരിശോധിക്കണം. അന്ന് ഇന്ത്യയിലുള്ള സ്ഥലങ്ങളിൽ പലതും ഇന്ന് ഇന്ത്യയിലല്ല, അന്ന് ഇന്ത്യയിലല്ലാത്ത സ്ഥലങ്ങളും ഇന്ന് ഇന്ത്യയിലുണ്ട്. തെക്കേ ഇന്ത്യ ഒരു കാലത്ത് ഇന്ത്യൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നില്ല. അതുകൊണ്ട് ഇന്ത്യയുടെ സമകാലിക അതിർത്തി നിർണ്ണയത്തിൽ നിന്ന് മാത്രം ഇന്ത്യയിൽ വി. തോമസ് വന്നുവെന്നോ/ വന്നില്ലെന്നോ പ്രസ്താവിക്കുക ചരിത്രപരമായി അസാധ്യമാണ്. കേരളം എന്ന വാക്ക് തന്നെ ഇരുപതാം നൂറ്റാണ്ടിന്റെ സംഭാവനയാണ്. അതിനാൽ വി. തോമസ് 'കേരളത്തിൽ' വന്നുവെന്നതിന് രേഖകളുണ്ടാകുക അസാധ്യമാണ്. അക്കാലത്ത് കേരളമില്ല, തമിഴ്നാട് മാത്രമേയുള്ളൂ. എന്നാൽ ഇന്ത്യൻ സമുദ്രം എന്ന പേര് ഉണ്ടായിരുന്നതിനാൽ ഇന്ത്യൻ സമുദ്രത്തിലെ ഒരു തുറമുഖത്ത് വി. തോമാസ് കപ്പലിറങ്ങി എന്ന് വിശ്വസിക്കുന്നതിൽ അപാകതയില്ല. അങ്ങിനെ തീർച്ചയാക്കണമെങ്കിൽ കേരളതീരത്ത് കപ്പലുകൾ നിരന്തരമായി സന്ദർശിച്ചിരുന്നുവോ? വി. തോമാസിന്റെ രാജ്യവും കേരളവും തമ്മിൽ രാഷ്ട്രീയ ബന്ധമുണ്ടായിരുന്നുവോ? വി. തോമസിന്റെ ഭാഷ സംസാരിക്കുന്നവർ ഇവിടെ ഉണ്ടായിരുന്നുവോ? ഇവിടെ സൂര്യനെ ആരാധിക്കുന്ന ഒരു പുരോഹിത വർഗ്ഗം ഉണ്ടായിരുന്നുവോ? വി. തോമസ് എത്തിചേർന്നുവെന്ന് പറയപ്പെടുന്ന സ്ഥലങ്ങൾ അന്നത്തെ ജനങ്ങളുടെ സഞ്ചാരപാതകളിൽ ഉണ്ടായിരുന്നുവോ? എന്നീ തെളിവുകൾ ആവശ്യമാണ്. ഇവയെല്ലാം ഉണ്ടെങ്കിൽ മറ്റു രേഖകളുടെ അടിസ്ഥാനത്തിൽ വി. തോമസ് കേരളത്തിൽ വന്നുവെന്നത് നൂറുശതമാനം ശരിയാണെന്ന് അംഗീകരിക്കണം.

## പുരാതന സാമ്രാജ്യങ്ങൾ

വി.തോമസ് എങ്ങിനെ ഗോണ്ടഫോർ രാജാവിന്റെ കൊട്ടാരത്തിലെത്തി എന്നറിയണമെങ്കിൽ പുരാതന സാമ്രാജ്യങ്ങളുടെ അതിർത്തികൾ ആധുനിക ലോക ഭൂപടത്തിന്റെ പശ്ചാത്തലത്തിൽ മനസ്സിലാക്കണം. ഭൂമി




പേർഷ്യൻ സാമ്രാജ്യത്തിന്റെ
(ബിസി 600–ബി.സി.300) വരെയുള്ള ചിത്രം

www.malankaralibrary.com


ശാസ്ത്രത്തിന്റെ പശ്ചാത്തലമില്ലാതെ ചരിത്രമെഴുതുന്നത് ശരിയായ രീതിയല്ല.

1. പുരാതന സാമ്രാജ്യങ്ങളുടെ പട്ടികയിൽ ഏറ്റവും പ്രബലമായതാണ് പേർഷ്യൻ സാമ്രാജ്യം. ഈ സാമ്രാജ്യത്തിന്റെ പടിഞ്ഞാറെ അതിർത്തി അലക്സാണ്ടർ ചക്രവർത്തിയുടെ ജന്മസ്ഥലമായ മാസിഡോണിയയാണ് (Macidonia). മാസിഡോണിയയുടെ മറ്റൊരു പേരാണ് എഡേസ്സാ (Edessa). പേർഷ്യയുടെ കിഴക്കേ അതിർത്തിയാണ് കാശ്മീർ. ബി.സി. 600 മുതൽ ബി.സി 300 വരെ പേർഷ്യയുടെ ഔദ്യോഗികഭാഷ അറമായ ഭാഷയായിരുന്നു. സെമിറ്റിക് ഭാഷയുടെ സഹോദരനാണ് അറബി, ഉറുദു മുതലായ ഭാഷകൾ. പേർഷ്യൻ സാമ്ര്യാത്തിന്റെ കിഴക്കൻ അതിർത്തി സിന്ധുനദീതടമാണ്. ഇന്നത്തെ ഇന്ത്യയെയും പാക്കിസ്ഥാനെയും വിഭജിച്ചത് ബ്രിട്ടീഷുകാരോ, ഗാന്ധിജിയോ, നെഹ്റുവോ അല്ല. പ്രത്യുത സിന്ധു നദിയാണ്. സിന്ധുനദിയുടെ വടക്കു പടിഞ്ഞാറൻ ഭാഗത്ത് ഇന്ത്യയിലെ ചക്രവർത്തിമാർക്കു കുറച്ചു കാലം മാത്രമേ ഭരിക്കാൻ കഴിഞ്ഞിട്ടുള്ളു. ചന്ദ്രഗുപ്ത മൗര്യൻ, ബിന്ദുസാരൻ, അശോകൻ എന്നീ ചക്രവർത്തിമാർ മാത്രമാണ് സിന്ധുനദിയ്ക്കപ്പുറം സാമ്രാജ്യം വികസിപ്പിച്ചത്. എന്നാൽ ഈ രാജാക്കന്മാർക്ക് തെക്കേ ഇന്ത്യയെ അവരുടെ സാമ്രാജ്യത്തിന്റെ ഭാഗമാക്കാൻ കഴിഞ്ഞിട്ടില്ല. ഇന്ത്യയുടെ അതിർത്തി വടക്ക് പടിഞ്ഞാറ് സിന്ധു നദിയും, വടക്ക് കിഴക്ക് ഗംഗാനദിയുമാണ്. ചക്രവർത്തിമാരേക്കാൾ ഇന്ത്യയുടെ അതിർത്തിയിലേക്ക് മറ്റു ചക്രവർത്തിമാരെ തടഞ്ഞുനിർത്തിയത് ഈ രണ്ട് നദികളാണ്.

പേർഷ്യൻ സാമ്രാജ്യത്തിലെ സ്ഥലങ്ങളുടെ ഇന്നത്തെ പേരുകളാണ് പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, തുർക്കുമെനിസ്ഥാൻ, കസാക്കിസ്ഥാൻ, ഉസ്ബെക്കിസ്ഥാൻ എന്നിവ. ഹിബ്രുഭാഷയായ അറമായ ഭാഷയുടെ മക്കളാണ് അറബി, ഫാർസി, ഉറുദു, ഹിന്ദുസ്ഥാനി മുതലായവ. അതുകൊണ്ട് പേർഷ്യൻ സാമ്രാജ്യമായ മാസിഡോണിയ (Edessa) മുതൽ കാഷ്മീർ വരെ അറമായ അറിയാവുന്ന വി. തോമാസിന് ഭാഷാപരമായ തടസ്സം ഉണ്ടാകാൻ സാധ്യതയില്ല.

## 2. മൗര്യൻ സാമ്രാജ്യം (322 BCE to 187 BCE)

പേർഷ്യൻ സാമ്രാജ്യം എന്നിങ്ങനെയാണോ മാസിഡോണിയ മുതൽ കാശ്മീർ വരെയുള്ള പ്രദേശങ്ങളെ




മൗര്യൻ സാമ്രാജ്യം

കീഴടക്കിയത്, അപ്രകാരം തന്നെ ഇറാൻ വരെയുള്ള രാജ്യങ്ങളെ കീഴടക്കി ഒരു രാജ്യമായി 140 വർഷത്തോളം മൗര്യ്യന്മാർ നിലനിർത്തിയതാണ് മൗര്യ്യസാമ്രാജ്യം.

മൗര്യൻസാമ്രാജ്യം ക്ഷയിച്ചപ്പോൾ ഗ്രീക്കു സാമ്രാജ്യം ഇന്ത്യയിൽ വളർന്നു വന്നു.

3. ഇൻന്തോ-ഗ്രീക്ക് സാമ്രാജ്യം (ബിസി-180 എഡി 10) ബിസി 180 മുതൽ എഡി 10 വരെയുള്ള കാലഘട്ടത്തിൽ പഞ്ചാബിലെ സിയാൽക്കോട്ട് വരെയുള്ള പ്രദേശം ഭരിച്ചിരുന്നത് ഗ്രീക്ക് രാജാക്കന്മാരാണ്. അവരിൽ പ്രധാനിയായിരുന്നു Menander. മെനിയാൻഡറുടെ സാമ്രാജ്യം പാടാലിപുത്രം വരെയായിരുന്നു.

Demetrius ഒന്നാമനാണ് ഗ്രീക്ക് സാമ്രാജ്യത്തിന്റെ അതിർത്തി വടക്കു പടിഞ്ഞാറൻ ഇന്ത്യ വരെ വ്യാപിപ്പിച്ചത്.




ഗ്രീക്ക് സാമ്രാജ്യത്തിന്റെ ഇന്ത്യയിലെ ഭാഗങ്ങൾ

## 4. ഇന്തോ റോമൻ വ്യാപാരം.

പേർഷ്യൻ സാമ്രാജ്യം, മൗര്യൻ സാമ്രാജ്യം, ഗ്രീക്ക് സാമ്രാജ്യം എന്നിവയുടെ ഉയർച്ചയും താഴ്ച്ചയും സൃഷ്ടിച്ചത് ഗ്രീക്ക് അറമായ ഭാഷകളുടെ ഇന്ത്യവരെയുള്ള വ്യാപനവും, വ്യാപാരത്തിന്റെ സാധ്യതകളുമാണ്. ഈ സാമ്രാജ്യ രൂപീകരണത്തിന്റെ ഭാഗമായി ലോകത്തിൽ വളർന്നുവന്ന സാമ്രാജ്യമാണ് റോമൻ സാമ്രാജ്യം. റോമൻ സാമ്രാജ്യം രാഷ്ട്രീയ അധികാരത്തോടൊപ്പം വ്യാപാരവും വിപുലപ്പെടുത്തി.

ഈജിപ്ത്, ഫിനീഷ്യ എന്നീ രാജ്യങ്ങളാണ് കപ്പൽ വികസിപ്പിച്ചെടുത്തത്. കപ്പലുകളിലൂടെ രാജ്യങ്ങളുടെ കടൽ തീരങ്ങൾ പിടിച്ചെടുത്ത്, രാഷ്ട്രീയാധികാരവും, കച്ചവടവും ഒരുമിച്ച് നടത്തുന്ന സാമ്രാജ്യത്വ രൂപീകര

www.malankaralibrary.com


ണത്തെ കടലോര സാമ്രാജ്യം (Martine empire) എന്നു വിളിക്കുന്നു. ഈജിപ്തും, ഗ്രീസും കടലോരസാമ്രാജ്യം ആരംഭിച്ചെങ്കിലും കരയിലും സാമ്രാജ്യം വികസിപ്പിച്ചത് റോമക്കാരാണ്. മെഡിറ്ററേനിയൻ കടലിനു ചുറ്റുമുള്ള രാജ്യങ്ങളാണ് ബൈസെന്റയിൽ സാമ്രാജ്യം എന്നറിയപ്പെട്ടിരുന്നത് റോമക്കാർ ഈജിപ്ത് കൈവശപ്പെടുത്തിയത് പ്രത്യേക ലക്ഷ്യത്തോടെയാണ്. മെഡിറ്ററേനിയൻ കടലും, ഇന്ത്യൻ സമുദ്രവും തമ്മിലുള്ള ബന്ധത്തിന്റെ നിർണ്ണായക കവാടമാണ് ഈജിപ്ത്. ഇന്നും ലോക വ്യാപാരത്തിന്റെ തന്ത്രപ്രധാന കേന്ദ്രം ഈജിപ്ത് മുതൽ യെമൻ വരെയുള്ള ചെങ്കടൽ പ്രദേശമാണ്. ബി.സി. 30 മുതൽ എ.ഡി. 15 വരെ അഗസ്റ്റസ്സ് ചക്രവർത്തി റോം ഭരിക്കുമ്പോൾ ഈജിപ്തിൽ നിന്ന് നിരന്തരം കപ്പലുകൾ വ്യാപാരത്തിനായി ഇന്ത്യയുടെ കടലോരങ്ങളിൽ വന്നിരുന്നതായി ചരിത്ര രേഖകൾ സൂചിപ്പിക്കുന്നു.

എ.ഡി. ഒന്നാം നൂറ്റാണ്ടിൽ രചിച്ച എറിത്രിയൻ കടലിലെ സഞ്ചാര വഴികൾ (Peruplus of the Erithrean Sea) എന്ന ഗ്രന്ഥം റോമൻ കപ്പലുകളുടെ വ്യാപാര സഞ്ചാര വഴികൾ വിവരിക്കുന്നു. ഈ ഗ്രന്ഥത്തെ അടിസ്ഥാനമാക്കി ആധുനിക ലോക ഭൂപടത്തിൽ റോമൻ വ്യാപാര കപ്പലുകളുടെ യാത്രാവഴികൾ രേഖപ്പെടുത്തിയ ചിത്രം താഴെ കൊടുത്തിരിക്കുന്നു.




ഭൂമിശാസ്ത്രത്തിന്റെ പിതാവായ ഇറാസ്താനീസിന്റെ (ബി.സി. 195) വിവരണത്തിൽ നിന്ന് രൂപപ്പെടുത്തിയ ടോളമിയുടെ ലോകഭൂപടം ശ്രദ്ധിച്ചാൽ അതിൽ ശ്രീലങ്ക അടയാളപ്പെടുത്തിയിരിക്കുന്നത് കാണാവുന്നത്. ഇന്ത്യയുടെ കടൽത്തീരങ്ങളിലും ശ്രീലങ്കയിലും, ഇന്ത്യോനേഷ്യയിലും നിരന്തര വ്യാപാരം നടത്തിയതിന്റെ അനുഭവത്തിലാണ് റോമക്കാർ ഭൂപടം രേഖപ്പെടുത്തിയത്. ഇന്ത്യക്കാർക്ക്അക്കാലത്ത് കടലാസ് വഞ്ചി പോലും നിർമ്മിക്കാൻ അറിയുമായിരുന്നില്ല.

ഇത്തരം രേഖകളെ ആധാരമാക്കി റോമക്കാർ ഉപയോഗിച്ചിരുന്ന ഭൂപടത്തിന്റെ പകർപ്പുകൾ പ്യൂട്ടിങ്ങർ ടേബിൾസ് എന്ന പേരിൽ ലഭ്യമാണ്. പ്രസ്തുത ഭൂപടത്തിൽ മുസിരിസിൽ അഗസ്റ്റസ് സീസറിന്റെ ദേവാലയം ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ദേവിമാരെ തെറിവാക്കുകൾകൊണ്ട് അഭിഷേകം പെയ്യുന്ന ആരാധനാ രീതി റോമിൽ മാത്രമെ ഉണ്ടായിരുന്നുള്ളൂ (St. Augustine, City of God, Part 1, Book 2, Chapter 4) ഇപ്പോൾ പ്രസ്തുത ആരാധനാ രീതി തുടരുന്നത് മുസ്സിരിസ്സിൽ മാത്രമാണ്.




മുസിരിസിൽ അഗസ്റ്റസ് സീസറിന്റെ ദേവാലയം

### സുക്കോത്ര

ഈജിപ്ത്, ചെങ്കടൽ, യെമൻ ഇവ മൂന്നും ബി.സി 1000 മുതൽ ഇന്നുവരെ യുദ്ധത്തിന്റെ പ്രധാനകേന്ദ്രങ്ങളാണ്. ഇതിന്റെ പ്രധാന കാരണം മെഡിറ്ററേനിയനിൽ നിന്ന് ഇന്ത്യയിലേക്കും ചൈനയിലേയ്ക്കുമുള്ള കടൽ മാർഗ്ഗത്തിന്റെ പ്രധാന കവാടമായതിനാലാണ്. ഇതിൽ യെമനിൽ ഇറാൻ ഇപ്പോൾ പിടിമുറുക്കുന്നതിന്റെ കാരണം തന്നെ യൂറോപ്യൻ അമേരിക്കൻ കപ്പലുകളുടെ സൂയസ്സ് കനാലിലൂടെയുള്ള വഴി തടയാനാണ്.




സുക്കോത്ര

യെമനിനടുത്തുള്ള പ്രധാന ദ്വീപ സമൂഹമാണ് സുക്കോത്ര. പെരിപ്ലൂസ് ഓഫ് ദ എറിത്രിയൻ സീ എന്ന നാവിക ഗ്രന്ഥത്തിൽ ഈ ദ്വീപ് രേഖപ്പെടുത്തിയിരിക്കുന്നു. ഈ ദ്വീപിൽ AD 1-ാം നൂറ്റാണ്ടു മുതൽ ക്രൈസ്തവ സാന്നിദ്ധ്യം ഉണ്ടായിരുന്നതായി തെളിവുകളുണ്ട്. മാർക്കോ പോളോയുടെ 1298 ലെ ഗ്രന്ഥത്തിൽ സുക്കോത്രാ ദ്വീപിൽ മുഴുവൻ ക്രൈസ്തവരായിരുന്നുവെന്ന് രേഖപ്പെടുത്തുന്നു. ഈജിപ്തിൽ നിന്ന് ഇന്ത്യയിലേയ്ക്കുള്ള യാത്രയിൽ നാവികർ ഉപയോഗിച്ചിരുന്ന ഇടത്താവളമാണ് സുക്കോത്ര.

### കാശ്മീരിലുള്ള ക്രിസ്ത്യൻ ദേവാലയം

കാശ്മീരിൽ AD 1-ാം നൂറ്റാണ്ടിൽ നിർമ്മിച്ച ഒരു ക്രൈസ്തദേവാലയമുണ്ട്. അത് ഇപ്പോൾ മുസ്ലീം സഹോദരങ്ങളുടെ കൈവശമുണ്ട്. അത് യേശുക്രിസ്തുവിന്റെ ശവകുടീരമാണെന്ന് മുസ്ലീങ്ങൾ അവകാശപ്പെടുന്നു.

www.malankaralibrary.com

അത് 'കബർ' എന്ന വാക്കിന്റെ തെറ്റായ വ്യാഖ്യാനം സൃഷ്ടിച്ച പ്രതിസന്ധിയാണ്. പൗരസ്ത്യ കത്തോലിക്കാ സഭയുടെ പാരമ്പര്യമനുസരിച്ച് അൾത്താര യേശു ക്രിസ്തുവിന്റെ കബറിടമാണ്. വി. കുർബ്ബാനയുടെ അവ സാന പ്രാർത്ഥന ഇപ്രകാരമാണ് "വിശുദ്ധീകരണ ത്തിന്റെ ബലിപീഠമെ സ്വസ്തി. നമ്മുടെ കർത്താവിന്റെ കബറിടമെ സ്വസ്തി...." 'മദ്ബഹയെന്ന' സ്വർഗ്ഗത്തിൽ നിന്ന് സ്വയം നിഷേധത്തിലൂടെ (Kenosis) മനുഷ്യനായി, മരണത്തോടെ ശൂന്യനായി, ശൂന്യതയിൽ നിന്ന് ഉത്ഥാനം ചെയ്ത്, വീണ്ടും സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തവനാണ് യേശുക്രിസ്തു. മനുഷ്യാവതാരം പൂർത്തിയാകുന്നത് ശൂന്യതയിലും, ഉത്ഥാനത്തിലുമാണ്. അതുകൊണ്ട് 'കത്തോലിക്കാവിശ്വാസ കേന്ദ്രം' ഒരു ഒഴിഞ്ഞ കബറിടമാണ്. അതുകൊണ്ട് പള്ളിയെന്നാൽ യേശുക്രിസ്തുവിന്റെ കബറിടവും, സ്വർഗ്ഗവും അവ തമ്മിൽ ബന്ധിപ്പിക്കുന്ന സ്ഥലവുമാണ്. അതുകൊണ്ട് എല്ലാ ക്രൈസ്തവ ദേവാലയവും യേശുവിന്റെ 'കബ റിട'മാണ്. (Holger Kersten, Jesus lived in India. His unkown life before and after the crucifitien, Penguin books, 2001.)

എടേസ്സ മുതൽ (മാസിഡോണിയ) മുതൽ കാഷ്മീർ വരെയുള്ള സ്ഥലം പേർഷ്യ സാമ്രാജത്തിന്റെ ഭാഗമാ യിരുന്നതിനാൽ, അവിടുത്തെ ഭാഷ അറമായാക്കിന്റെ സഹോദരിമാരായതിനാൽ, കാശ്മീർ സിൽക്ക്റൂട്ടിന്റെ ഭാഗമായിരുന്നതിനാൽ, AD 1–ാം നൂറ്റാണ്ടിൽ തന്നെ കാശ്മീരിൽ സുറിയാനി കത്തോലിക്കാ ദേവാലയം ഉണ്ടായിരിക്കാം. പ്രസ്തുത ദേവാലയത്തിന്റെ അൾത്താര മറ്റു ദേവാലയങ്ങളിലെപ്പോലെ യേശുക്രിസ്തുവിന്റെ കബറിടമാണ്. എന്നാൽ AD 6–ാം നൂറ്റാണ്ടിനു ശേഷം രൂപം കൊണ്ട മുസ്ലീം പണ്ഡിതന്മാർക്കും (ഭൂരിഭാഗം ക്രിസ്ത്യാനികൾക്കും) യേശു ക്രിസ്തുവിന്റെ കബറിടം എന്നതിന്റെ അർത്ഥം ബലിപീഠമാണെന്ന് അറിയാത്ത തുകൊണ്ട്, അത് യേശുക്രിസ്തുവിനെ യഥാർത്ഥത്തിൽ സംസ്കരിച്ച സ്ഥലമാണെന്ന് തെറ്റിദ്ധരിച്ചിരിക്കുന്നു. ഈ തെറ്റിദ്ധാരണമൂലം അവർ കത്തോലിക്കാ പള്ളിയെ യേശുക്രിസ്തുവിന്റെ യഥാർത്ഥ കല്ലറയാണെന്ന് പ്രച രിപ്പിച്ചുകൊണ്ടിരിക്കുന്നു. ആ യാഥാർത്ഥ്യമാണ് AD 1–ാം നൂറ്റാണ്ടിൽ കാശ്മീരിൽ സിറിയൻ ക്രൈസ്തവ രുണ്ടായിരുന്നുവെന്നതിന്റെ ഏക ഭൗതിക തെളിവ്. ആ പള്ളിയും അതിലെ ബലിപീഠവും സംരക്ഷിക്കുന്നതിന് മുസ്ലീം സഹോദരങ്ങൾക്ക് നന്ദി. ഞങ്ങളുടെ കൈക ളിലായിരുന്നുവെങ്കിൽ ഞങ്ങൾ അത് പൊളിച്ചുകളഞ്ഞ് പുതിയതൊന്ന് നിർമ്മിച്ച് ചരിത്ര തെളിവുകളെ ഇല്ലാ താക്കിയേനെ.

### ഉപസംഹാരം

ബെനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പ വിശുദ്ധ തോമസ് ഇന്ത്യയിൽ വന്നതിന് തെളിവില്ല എന്ന് പറഞ്ഞ തിന് ചില കാരണങ്ങളുണ്ട്. വി. തോമസ് മാനസാന്തര പ്പെടുത്തിയ ഗോണ്ടഫോറസ് രാജാവ് 'ഇന്നത്തെ' ഇന്ത്യ യുടെ അതിർത്തിയിൽപ്പെടുന്ന ഒരു രാജ്യത്തെ രാജാ വല്ല. ചരിത്ര രേഖകളിൽ കാണുന്ന ഇന്ത്യ എന്ന വാക്ക് സൂചിപ്പിക്കുന്ന അതിർത്തി സിന്ധു നദിയുടെ വടക്കു പടിഞ്ഞാറൻ ഭാഗമാണ്. പ്രസ്തുത പ്രദേശം 200 വർഷ ക്കാലം മാത്രമാണ് ഇന്ത്യയിലെ രാജാക്കന്മാർ ഭരിച്ചിരി ക്കുന്നത് (ചന്ദ്രഗുപ്തമൗര്യൻ, ബിന്ദുസാരൻ, അശോകൻ). അതിന് മുൻപും അതിനുശേഷവും സിന്ധുനദിയുടെ കിഴക്കും പടിഞ്ഞാറും ഭാഗങ്ങൾ പേർഷ്യക്കാരുടെയും, ഗ്രീക്കുകാരുടെയും, പാർത്ഥിയക്കാരുടേയും ദേശമായി രുന്നു.

അതുകൊണ്ട് ഗോണ്ടഫോറസ് രാജാവിനെ മാത്ര മാണ് വി. തോമസ് മാനസാന്തരപ്പെടുത്തിയതെങ്കിൽ അദ്ദേഹം ഇന്ത്യാക്കാരനല്ല, അഫ്ഗാൻകാരനാണ്. അതുകൊണ്ട് വി. തോമസ് വന്നത് ഇന്നത്തെ ഇന്ത്യയി ല്ലല്ല, പ്രസ്തുത പേർഷ്യൻ സാമ്രാജ്യത്തിന്റെ അതിർത്തി കളിൽ മാത്രമാണ്.


എന്നാൽ പേർഷ്യൻ സാമ്രാജ്യത്തിന്റെ ഭാഗമായി രുന്ന കാശ്മീർ ഇന്ത്യയുടെ ഭാഗമാകയാൽ, അവിടെ ഒരു പള്ളി AD 1–ാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നതിനാൽ, അത് വി. തോമസിന്റെ അനുയായികളുടെയായിരുന്നു വെന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. സിന്ധുനദിയുടെ വടക്കു പടിഞ്ഞാറൻ ഭാഗത്താണ് ഇന്ത്യ എന്ന പേരിൽ പലപ്പോഴും അറിയപ്പെടുന്നത്.

സ്ട്രാബോയും (Strabo) ടോളമിയും 1–ാം നൂറ്റാ ണ്ടിൽ രൂപപ്പെടുത്തിയ ഭൂപടമാണ് ഇന്ത്യാ പാക്കി സ്ഥാൻ വിഭജനത്തിന് അടിസ്ഥാനമാക്കിയതെന്ന് മന സ്സിലാക്കാം. പ്രസ്തുത ഭൂപടത്തിൽ സിന്ധു നദിയു ടെയും തെക്കു പടിഞ്ഞാറെ ഭാഗത്തെയും, ഗംഗാനദി യുടെ തെക്കുകിഴക്കേ ഭാഗത്തെയും മാത്രമാണ് ഇന്ത്യ എന്ന നിർവചനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്നും യൂറോപ്പിലുള്ളവർ ഈ ഭാഗത്തെ മാത്രമാണ് ഇന്ത്യയെന്ന് കരുതുന്നത്. അതിനാലായിരിക്കണം ഗോണ്ടഫോറസ് രാജാവിന്റെ മാനസാന്തരത്തെ മാത്രം കേന്ദ്രീകരിച്ച് വി. തോമസിന്റെ സഞ്ചാരത്തെ വിലയി രുത്തുമ്പോൾ, വി. തോമസ് ഇന്ത്യയിൽ വന്നിട്ടില്ലെന്ന് യൂറോപ്യൻ ചിന്തകർ അഭിപ്രായപ്പെടുന്നത്.

'പെരിപ്ലൂസ് ഓഫ് ദ എറിത്രിയൻ സീ' എന്ന ഗ്രന്ഥ ത്തിൽ ബി.സി. ഒന്നാം നൂറ്റാണ്ടിൽ രേഖപ്പെടുത്തിയ സ്ഥലങ്ങളെല്ലാം യാഥാർത്ഥ്യമാണെന്ന് ഭൂഖനന ഗവേ ഷകർ തെളിയിച്ചിട്ടുണ്ട്. പ്രസ്തുത ഗ്രന്ഥത്തിൽ ഇന്ത്യ യുടെ തെക്കു പടിഞ്ഞാറൻ കടലോരവും, തെക്കു കിഴ ക്കൻ കടലോരവും, ശ്രീലങ്കയും ബി.സി. 1000 മുതൽ നിരന്തര വ്യാപാരം നടന്നതായി രേഖപ്പെടുത്തുന്നു. എ. ഡി. ഒന്നാം നൂറ്റാണ്ടിലെ റോമൻ വ്യാപാരത്തിൽ മുസി രിസ്സ് പ്രധാന കേന്ദ്രമായിരുന്നുവെന്നും നാം കണ്ടു.

സ്പൈസ് റൂട്ടിന്റെ പ്രധാന കവാടം ചെങ്കടലിന് ഇരുവശമുള്ള രാജ്യമായതിനാൽ ഈജിപ്തുകാരും, ഇസ്രായേൽക്കാരും ആദ്യകാല കച്ചവടക്കാരായിരുന്നു. യഹൂദന്റെ കച്ചവടപാരമ്പര്യം റോമക്കാർ ഉപയോഗിച്ചി രുന്നു. അതുകൊണ്ട് സ്പൈസ് കച്ചവടത്തിന്റെ ഭാഗ മായി യഹൂദന്മാർ കടലോരങ്ങളിൽ റോമക്കാർക്കൊപ്പം താമസിച്ചിരുന്നുവെന്ന് അനുമാനിക്കുന്നതിൽ ശരിയുണ്ട്. എ.ഡി. ഒന്നാം നൂറ്റാണ്ടിൽ കേരളം കാടായിരുന്നുവെന്ന പ്രസ്താവന പെരിപ്ലൂസിന്റെ അടിസ്ഥാനത്തിൽ തെറ്റാണ്. BC യിൽ തന്നെ കേരളവും തമിഴ്നാടും ഉൾപ്പെടുന്ന പ്രദേശങ്ങളുടെ ഭൂപടം സ്ട്രാബോയുടെ വിവരണ ത്തിൽ ഉണ്ട്. പ്രസ്തുത ഭൂപടം താഴെ കൊടുക്കുന്നു

www.malankaralibrary.com




വി. തോമസ് തെക്കേ ഇന്ത്യയിൽ വന്നുവെന്ന് തെളിയിക്കപ്പെടാൻ ഐതിഹ്യത്തിലെ പല പ്രസ്താവനകളെയും കേന്ദ്രീകരിച്ച് പഠനങ്ങൾ നടത്തേണ്ട ആവശ്യമുണ്ട്. ഉദാഹരണമായി വി. തോമസ് എന്തുകൊണ്ട് കൊടുംങ്കാടിന് നടുവിലുള്ള നിലയ്ക്കലിൽ എത്തിചേർന്നു?

ഏലം (Cardamom) കൃഷി കേരളത്തിൽ ബി.സി.യിൽ ഉണ്ടായിരുന്നുവോ? ചങ്ങനാശ്ശേരി വള്ളക്കടവ്, കാഞ്ഞിരപ്പള്ളി, കുട്ടിക്കാനം, നിലയ്ക്കൽ, കുമളി, കമ്പം, തേനി, മധുര, തൂത്തുക്കുടി എന്ന വഴി രൂപം കൊണ്ടിട്ട് എത്ര വർഷമായി?

കേരളത്തീരത്ത് നിന്ന് തമിഴ്നാടിന്റെ കടലോരത്തേയ്ക്ക് കരമാർഗ്ഗമുള്ള യാത്രാ സഞ്ചാര പാതകൾ എ.ഡി. ഒന്നാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നത് ഏതെല്ലാമാണ്? ഈ മാർഗ്ഗത്തിൽ റോമൻ നാണയങ്ങൾ ലഭിച്ചിട്ടുണ്ടോ? ഇതുപോലെയുള്ള സാഹചര്യ തെളിവുകൾ കൂടുതൽ കൂടുതൽ ലഭിക്കുമ്പോൾ ഐതിഹ്യം സത്യമാണെന്ന് തീരുമാനിക്കുകയെന്നതാണ് ചരിത്രം മനസ്സിലാക്കാനുള്ള ശാസ്ത്രീയ രീതി.

അതിനായി ലോക ചരിത്രത്തിന്റെ വികാസത്തിന്റെ പശ്ചാത്തലത്തിൽ ഓരോ പ്രാദേശിക ചരിത്രത്തേയും ചേർത്തുവെച്ച് വായിക്കാൻ സത്യാന്വേഷകർക്ക് കഴിയട്ടെ. രാഷ്ട്രീയ ചരിത്രം, കച്ചവട ചരിത്രം, ഭാഷാ ചരിത്രം, നാണയ ചരിത്രം, അതിർത്തി ചരിത്രം ഇവയെല്ലാം ഒരുമിച്ച് ചേർത്ത് വായിക്കുമ്പോൾ വി. തോമസ് ഇന്ത്യയിൽ വന്നിട്ടുണ്ടെന്നത്, പ്രത്യേകിച്ച് കേരളത്തിൽ വന്നിട്ടുണ്ടെന്നത് സത്യമാണ്.

വി. തോമസ് കേരളത്തിൽ മാനസാന്തരപ്പെടുത്തിയത് സൂര്യാരാധകരെയാണ്. അവർക്ക് നമ്പൂതിരി എന്ന പേര് ഐതിഹ്യഗ്രന്ഥ രൂപത്തിലാക്കിയവർ കൊടുത്തുവെന്നത് തോമസ് കേരളത്തിൽ വന്നില്ലായെന്നതിന് തെളിവല്ല. എ.ഡി. ഒന്നാം നൂറ്റാണ്ടിൽ കേരളത്തിൽ സൂര്യാരാധകരുണ്ടായിരുന്നുവെങ്കിൽ, ഐതിഹ്യം ശരിയാണ്.